(ഡി) മെഡിക്കൽ കോളേജുകളിലെ യൂറോളജി വിഭാഗത്തിന്റെ അപര്യാപ്തതകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഇ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ യൂറോളജി വിഭാഗത്തിൽ ഉന്നത പരിശീലനം സിദ്ധിച്ച ഡോക്ടർമാരുടെ സേവനം ഉറപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കോഴിക്കോട്—23 (ഇരുപത്തിമൂന്ന്), കോട്ടയം—3 (മൂന്ന്).

(ബി) കോഴിക്കോട് മെഡിക്കൽ കോളേജിൽ യൂറോളജി വിഭാഗത്തിൽ 1100 പേരെയും കോട്ടയം മെഡിക്കൽ കോളേജിൽ 873 പേരെയും അഡ്മിറ്റു ചെയ്തു. കോഴിക്കോട് മെഡിക്കൽ കോളേജിൽ മാസംതോറും 8 രോഗികൾവരെ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആവശ്യമുള്ളവരായി വരാറുണ്ട്. ഒരു മാസത്തിൽ 2 വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ മാത്രമേ അനസ്തേഷ്യാ ഡോക്ടർമാരുടെ കുറവുമൂലം ചെയ്യാൻ സാധിക്കുകയുള്ളൂ. ഇതുമൂലം ഓരോ രോഗിക്കും ആറു മാസത്തോളം വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്കായി കാത്തിരിക്കേണ്ടിവരുന്നു. കോട്ടയം മെഡിക്കൽ കോളേജിൽ 2004-05 വർഷത്തിൽ മൂന്ന് ശസ്ത്രക്രിയകൾ നടത്തിയിട്ടുണ്ട്.

(സി & ഡി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ യൂറോളജി വിഭാഗത്തിൽ ഇപ്പോഴുള്ള ഡോക്ടർമാരിൽ ഒരാൾ ഒഴികെ മറ്റെല്ലാവരുംതന്നെ സൂപ്പർ സ്പെഷ്യാലിറ്റി യോഗ്യത ഉള്ളവരാണ്. ഇവരിൽ അഞ്ചുപേർ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയിൽ അനുഭവ സമ്പത്തുള്ളവരാണ്. മൂന്നുപേർ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയിൽ ഉന്നതപരിശീലനം നേടിയവരാണ്.

കോഴിക്കോട് മെഡിക്കൽ കോളേജിലെ ഡോക്ടർമാരുടെ അനാസ്ഥ

163 [1690] ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീമതി മാധവി w/o എൻ. പി. ഭാസ്കരൻ, അമ്മാണിതാഴത്ത് പി. ഒ., പെരുവയൽ, കോഴിക്കോട് എന്നയാളെ ചികിത്സിച്ച കോഴിക്കോട് മെഡിക്കൽ കോളേജ് അധികൃതരുടെ അനാസ്ഥ സംബന്ധിച്ച് പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പരാതി സംബന്ധിച്ച് അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) അന്വേഷണത്തിന്റെ വിശദാംശം വെളിപ്പെടുത്താമോ;

(ഡി) കുറ്റക്കാർക്കെതിരെ സ്വീകരിച്ച നടപടിയുടെ വിശദാംശം വെളിപ്പെടുത്തുമോ ?

2/2314/2012/DTP.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ലഭിച്ചിട്ടുണ്ട്.

(ബി) അന്വേഷണം നടന്നുവരികയാണ്.

(സി) കോഴിക്കോട് മെഡിക്കൽ കോളേജ് മെഡിസിൻ വിഭാഗം തലവൻ കൺവീനറായി ഒരു വിദഗ്ദ്ധ കമ്മിറ്റിയെ ഇതിനായി നിയോഗിച്ചിട്ടുണ്ട്.

(ഡി) കമ്മിറ്റിയുടെ ശുപാർശയനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

മെഡിക്കൽ കോളേജുകളിലെ ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കാൻ നടപടി

164 [1691] ശ്രീ. പിരപ്പൻകോട് മുരളി :
,, ടി. കെ. ദേവകുമാർ :
,, ടി. പി. രാമകൃഷ്ണൻ :
,, സി. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ വലിയ തുക കൊടുത്തു വാങ്ങുന്ന ആധുനിക ഉപകരണങ്ങൾ പലതും പ്രവർത്തനക്ഷമമല്ലാതാകുന്നത് സംബന്ധിച്ച് ഒരു വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ കഴിഞ്ഞ 4 വർഷത്തിനുള്ളിൽ ലഭ്യമായിട്ടുള്ള ആധുനിക ഉപകരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) ഇവയിൽ പ്രവർത്തനക്ഷമമല്ലാത്തവയെ സംബന്ധിച്ച് വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സ്വകാര്യ സ്ഥാപനങ്ങളും ആശുപത്രിയിലെ ചില ജീവനക്കാരും തമ്മിലുള്ള ധാരണയുടെ അടിസ്ഥാനത്തിലാണ് മെഡിക്കൽ കോളേജുകളിലെ ഉപകരണങ്ങൾ പ്രവർത്തിക്കാത്തതെന്നും ഇതുമൂലം സാധാരണക്കാർക്ക് വൻ സാമ്പത്തിക ബാദ്ധ്യതയാണ് ഉണ്ടാക്കുന്നതെന്നും ഉള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) മെഡിക്കൽ കോളേജുകളിൽ വാങ്ങിയിട്ടുള്ള മുഴുവൻ ഉപകരണങ്ങളും പ്രവർത്തനക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly